# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 425** **27.09.2016-ൽ മറുപടിയ്ക്ക്**

## സമ്പൂർണ്ണ വൈദ്യുതീകരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം:** | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി വൈദ്യുതി കണക്ഷന് വേണ്ടി ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ; | (എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി വൈദ്യുതി കണക്ഷനുവേണ്ടി ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (ബി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന് വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) 2017 മാർച്ചോടുകൂടി കൂടി സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ഉദ്ദേശത്തോടെ സമ്പൂർണ വൈദ്യുതീകരണ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഗുണഭോക്താക്കളെ കണ്ടെത്താനായി വിപുലമായ തയ്യാറെടുപ്പുകൾ സർക്കാരും കെ എസ് ഇ ബി എൽ ഉം നടത്തിയിരുന്നു. ലളിതമായ ഒരു ഫോറം മുഖേനയും 9496018640 എന്ന നമ്പറിലേക്ക് മിസ്ഡ് കോൾ വഴിയും വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ വിവരം ശേഖരിക്കുന്നതിനായുള്ള സംവിധാനവും കെ എസ് ഇ ബി. എൽ ഏർപ്പെടുത്തിയിരുന്നു. ഇത്തരത്തിൽ ലഭിച്ച വിവരങ്ങൾ ഉപയോഗിച്ച് ഗുണഭോക്താക്കളുടെ കരട് പട്ടിക 09.09.2016ന് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന പിഴവുകൾ ഒഴിവാക്കിയും വിട്ടുപോയിട്ടുള്ള ഗുണഭോക്താക്കളെ ഉൾക്കൊള്ളിച്ചുമുള്ള അന്തിമ പട്ടിക 2016 സെപ്റ്റംബർ അവസാനത്തോടെ പ്രസിദ്ധീകരിക്കുന്നതാണ്. പദ്ധതി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് 2016 സെപ്റ്റംബർ അവസാനത്തോടുകൂടി തയ്യാറാക്കാനും പ്രവൃത്തികൾക്കുള്ള ഫണ്ട് ലഭ്യമാകുന്ന മുറക്ക് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാനും ആണ് ലക്ഷ്യമിടുന്നത്. LSGD, SC/ST ക്ഷേമ വകുപ്പുകൾക്ക് |

അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധികളുടെ (MLA SDF, MLA ADF,MP LAD) ഫണ്ടുകൾ, സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽ നിന്നുമാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് തുക കണ്ടെത്താൻ ലക്ഷ്യമിട്ടിട്ടുള്ളത്.

Hemalatha

**സെക്ഷൻ ഓഫീസർ**